**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6644** **11-11-2021 - ൽ മറുപടിയ്ക്ക്**

**കരാർ അടിസ്ഥാനത്തിൽ നിയമിതരായ കാലിക്കറ്റ് സർവകലാശാല ജീവനക്കാരുടെ രാഷ്ട്രീയ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയുടെ വിമൻസ് സ്റ്റഡീസ് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് പ്രൊഫസ്സറെ ഒരു പാർട്ടിയുടെ സെക്രട്ടറിയായി തെരഞ്ഞെടുത്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | രാഷ്ട്രീയ പാർട്ടിയുടെ ഔദ്യോഗിക സ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യക്തി സർവകലാശാലയിൽ പ്രതിമാസം ശമ്പളം കൈപ്പറ്റുന്ന അസിസ്റ്റന്റ് പ്രൊഫസ്സറായി ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ അത് ചട്ടപ്രകാരമാണോ എന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പ്രസ്തുത വകുപ്പിലെ ഒരു അസിസ്റ്റന്റ് പ്രൊഫസ്സറെ സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ അത് കരാറടിസ്ഥാനത്തിലുള്ള അധ്യാപികയ്ക്ക് സ്ഥിരം നിയമനം ലഭിക്കുന്നതിന് വേണ്ടിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കാലിക്കറ്റ് സർവകലാശാലയുടെ വുമൺ സ്റ്റഡീസ് പഠന വകുപ്പിലെ ഒരു അസിസ്റ്റന്റ് പ്രൊഫസറെ സംസ്ഥാന പ്ലാനിങ് ബോർഡ് മെമ്പറായി അന്യത്ര സേവന (ഡെപ്യൂട്ടേഷൻ) വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഈ നിയമനം കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപികയ്ക്ക് സ്ഥിരനിയമനം ലഭിക്കുന്നതിന് വേണ്ടിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിര നിയമനങ്ങൾ നിയമാനുസൃതമായി മാത്രമാണ് നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ